(എ) സംസ്ഥാനത്തൊട്ടാകെ പട്ടയം ലഭിക്കുന്നതിനുവേണ്ടിയുള്ള എത്ര അപേക്ഷകൾ കെട്ടിക്കിടപ്പുണ്ട്;

(ബി) കെട്ടിക്കിടക്കുന്ന അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) 45128 അപേക്ഷകൾ.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

83 (1309) വയനാട് ജില്ലയിലെ പട്ടയ വിതരണം

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നിരവധി കൈവശ കർഷകർക്ക് ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വർഷം തന്നെ പട്ടയം കൊടുത്തു തീർക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടികൾ സ്വീകരിക്കുന്നതാണ്.

84 (1310) പട്ടയം

ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് താലൂക്കിൽ അസൈൻമെന്റ് കമ്മിറ്റി പാസ്സാക്കിയ അപേക്ഷകളിൻമേൽ എത്ര പേർക്ക് പട്ടയം കൊടുത്തു എന്ന് വ്യക്തമാക്കുമോ;

(ബി) ബാക്കിയുള്ളവർക്ക് എന്നത്തേക്ക് കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുന്നത്തുനാട് താലൂക്കിൽ ലാന്റ് അസൈൻമെന്റ് കമ്മിറ്റി പാസ്സാക്കിയ അപേക്ഷകളിന്മേൽ 38 പേർക്ക് നാളത് പട്ടയം നൽകിയിട്ടുണ്ട്.

(ബി) ബാക്കിയുള്ളവരിൽ അർഹരായവർക്ക് അടിയന്തിരമായി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

85 (1311) മത്സ്യത്തൊഴിലാളികൾക്ക് പട്ടയം

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly